OFFICE OF THE DIOCESAN
CO-ORDINATOR OF MINISTRIES
Latin Diocese of Neyyattinkara

Ref No.13/2022 Date 05-05-2022

പ്രിയ അച്ചാ,

കോർഡിനേറ്ററുടെ ഓഫീസിൽ നിന്നും സ്നേഹാശംസകൾ.

**രൂപതാ സിനഡ് 2022 മെയ് 14 ൽ നിന്ന് 2022 മെയ് 28 ശനിയാഴ്ചയിലേക്ക് മാറ്റിയിക്കുന്നു. ഇക്കാര്യം 2022 മെയ് 8 ഞായറാഴ്ച പള്ളികളിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.**

ഇടവക സിനഡിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി എന്നു കരുതുന്നു. ഇടവക സിനഡ് ഇടവക വികാരിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടതെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. രൂപതാ സിനഡ്

1. ഇടവക സിനഡിൽ രൂപപ്പെട്ട ആശയങ്ങളും കണ്ടെത്തലുകളും രൂപതാ സിനഡിൽ അവതരിപ്പിക്കുവാനായി ക്രോഡീകരിക്കുവാനുള്ള ഉത്തരവാദിത്വം ഫൊറോന സിനഡൽ ടീമിനായിരിക്കും (FST). ഫൊറോന വികാരി DST അംഗത്തിന്റെ സഹായത്തോടു കൂടി ക്രോഡികരണ പ്രക്രിയ ക്രമീകരിക്കേണ്ടതാണ്.

2. ക്രോഡീകരണത്തിനായി ഇടവക സിനഡിൽ രൂപപ്പെട്ട ആശയങ്ങൾ രൂപത നൽകിയിരിക്കുന്ന രൂപഘടന അനുസരിച്ച് എഴുതി തയ്യാറാക്കി 2022 മെയ് 15 ഞായറാഴ്ചയ്ക്കുള്ളിൽ ഫൊറോന വികാരിയെയോ FST അംഗങ്ങളെയോ ഏൽപിക്കേണ്ടതാണ്. രൂപഘടനയുടെ പേപ്പർ (7 പേജ്) ഇതോടൊപ്പം അയയ്ക്കുന്നു.

3. FST അംഗങ്ങൾ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നു വരുന്ന ആശയങ്ങൾ രൂപത ആവശ്യപ്പെട്ടിരിക്കുന്ന രൂപഘടന അനുസരിച്ച് ക്രോഡീകരിച്ച് 2022 മെയ് 21 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പ് രൂപതാ ശുശ്രൂഷാ കോർഡിനേറ്ററുടെ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

# രൂപതാ സിനഡ്

| | |
|---|---|
| തീയതി | 2022 മെയ് 28 (ശനി) |
| സമയം | രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ |
| സ്ഥലം | ഇമ്മാനുവൽ കോളേജ്, വാഴിച്ചൽ |
| യാത്രാ സൗകര്യം | എല്ലാ ഫൊറോനാ സെന്ററുകളിൽ നിന്നും |

**വാഹനം പുറപ്പെടുന്നതു സംബന്ധിച്ച സമയവും മറ്റുവിവരങ്ങളും FST നൽകുന്നതായിരിക്കും.**

**പങ്കെടുക്കേണ്ടവർ**

1. രൂപതയിലെ എല്ലാ വൈദികരും
2. സന്യസ്തർ (ഒരു കോൺവെന്റിൽ നിന്നും രണ്ടുപേർ എങ്കിലും)
3. DST & FST അംഗങ്ങൾ
4. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ (പുതുതായി തെരഞ്ഞെടുത്തവർ)
5. രൂപത ശുശ്രൂഷാ സമിതി അംഗങ്ങൾ (ബിസിസി, മീഡിയ, അജപാലനം, കുടുംബം, യുവജനം, സാമൂഹ്യം, വിദ്യാഭ്യാസം, അൽമായം)
6. വിവിധ സംഘടനകളിലെ രൂപതാ സമിതി അംഗങ്ങൾ (KLCA, KLCWA, DCMS, വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി)
7. ഫൊറോന കൗൺസിൽ അംഗങ്ങൾ
8. ഉപദേശിമാർ
9. മൈനർ & മേജർ സെമിനാരിയൻസ്
10. രൂപത സ്റ്റാഫ്സ് (ഓഫീസ് സ്റ്റാഫ്സ് & ആനിമേഷൻ ടീം)
11. ഓരോ പള്ളിയിൽ നിന്നും 2 PST അംഗങ്ങൾ

**അച്ചന്റെ ഇടവകയിൽ നിന്നും മേൽപറഞ്ഞിരിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരെ അറിയിക്കുവാനുള്ള ക്രമീകരണം ചെയ്യുമല്ലോ.**

സ്നേഹത്തോടെ,

മോൺ. വി. പി. ജോസ്
ശുശ്രൂഷാ കോർഡിനേറ്റർ

JOHN PAUL II HOME, SANJOS NAGER NEYYATTINKARA, ARALUMMOODU - 695 123
✉ frvpcoordinator@gmail.com
Msgr. V.P. Jose
8547678999
✉frvpjose@gmail.com